"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കുളത്തൂർ സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ ശ്രീ. ജസ്റ്റിൻ വർഗ്ഗീസിന്റെ എഫ്.ടി.എം. തസ്തികയിലെ നിയമനം അംഗീകരിക്കുന്നത് - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.227/2026/GEDN തീയതി,തിരുവനന്തപുരം, 08-01-2026

പരാമർശം:- 1. കേർപ്പറേറ്റ് മാനേജരുടെ റിവിഷൻ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.02.2025 തീയതിയിലെ ഇറ്റി3/1753/2025/ഡിജിഇ നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കുളത്തൂർ സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ എഫ്.റ്റി.എം ശ്രീ. ജസ്റ്റിൻ വർഗ്ഗീസിന്റെ 01/06/2019 മുതലുള്ള നിയമനം നിയമന തീയതി മുതൽ അംഗീകരിക്കണമെന്നാവശ്യപ്പെട്ട് ചങ്ങനാശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചു.

2. ഈ വിഷയത്തിൽ 04.02.2025 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. മാനേജർ, ശ്രീ.ജസ്റ്റിൻ വർഗ്ഗീസ് എന്നിവരുടെ വാദഗതികൾ ഇപ്രകാരമാണ്

കുളത്തൂർ സെന്റ് ജോസഫ്സ് സ്കൂളിലെ എഫ്.ടി.എം ശ്രീമതി ജോയ്സ് പി. ജോസ് -ന് 01/06/2019 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് HSS -ൽ നിയമിക്കപ്പെട്ട ഒഴിവിൽ ശ്രീ. ജസ്റ്റിൻ വർഗീസ് -നെ 01.06.2019 മുതൽ എഫ്.ടി.എം തസ്തികയിൽ മാനേജർ നിയമിച്ചു. എന്നാൽ ശ്രീമതി. ജോയ്സ് പി. ജോസ് -ന്റെ നിയമനം അംഗീകരിച്ച ഉത്തരവ് ഹാജരാക്കിയില്ല, ശ്രീ.ജസ്റ്റിൻ വർഗീസിനെ നിയമിച്ച സ്കൂൾ പുതുതായി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളുടെ ഗണത്തിൽ പെടുന്നതിനാൽ സർക്കാർ നിർദേശപ്രകാരമുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങൾ ചൂണ്ടിക്കാട്ടി തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറും, പത്തനംതിട്ട വിദ്യാഭ്യാസ ഉപ ഡയറക്ടറും നിയമനാംഗീകാരം നിരസിച്ചു.

കുളത്തൂർ സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ സ്നേഹലതാ പണിക്കർ എന്ന സംരക്ഷിത എച്ച്.എസ്.റ്റി ഹിന്ദി അധ്യാപിക ജോലിയിൽ പ്രവേശിച്ചു. അതുപോലെ അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഉത്തരവ് പ്രകാരം സംരക്ഷിത യു.പി.എസ്.റ്റി അധ്യാപിക ആനി ഗോപാലും ജോലി ചെയ്ത് വന്നു.

ഇക്കാര്യങ്ങൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ അപ്പീൽ അനുവദിച്ച് ഉത്തരവായെങ്കിലും തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ 01/06/2019 തീയതിക്ക് പകരം 15/07/2021 മുതലാണ് അംഗീകരിച്ച് നൽകിയതെന്നും ഇതിനെതിരെ വീണ്ടും സമർപ്പിച്ച അപ്പീലുകൾ നിരസിക്കപ്പെട്ടതായും പറയുന്നു.

ഈ മാനേജ്മെന്റിലെ ന്യൂ സ്കൂൾ വിഷയം പരിഹരിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ശ്രീ. ജസ്റ്റിൻ വർഗീസിന്റെ കുളത്തൂർ സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ ഫുൾ ടൈം മീനിയൽ തസ്തികയിലെ നിയമനം 01/06/2019 മുതൽ അംഗീകരിച്ചു നല്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

ശ്രീ. ജസ്റ്റിൻ ജോസഫിന്റെ നിയമനം ഡി.ഇ.ഒ, ഡി.ഡി.ഇ എന്നിവർ നിരസിച്ചതിനെ തുടർന്ന് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ നൽകുകയുണ്ടായി. സീനിയർ നിയമനാർത്ഥിയായ ശ്രീമതി. ജോയ്സ് പി. ജോസിന്റെ സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടുള്ളതിനാൽ ഒഴിവ് സ്ഥാപിതമാണെന്നും, ശ്രീ. ജസ്റ്റിൻ വർഗീസിന്റെ 01/06/2019 മുതൽ എഫ്.ടി.എം തസ്തികയിലെ നിയമനം സർക്കാരിലെ 24/03/2023 തീയതിയിലെ സ.ഉ.(പി) നമ്പർ 29/2023 ഉത്തരവിന്റെയും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31/03/2023 തീയതിയിലെ എച്ച്2/295299/22. ഡി.ജി.ഇ. നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിച്ചും മറ്റു അപാകതകൾ ഉണ്ടെങ്കിൽ അവ പരിഹരിച്ചും പ്രൊപ്പോസൽ ജില്ല വിദ്യാഭ്യാസ ഓഫീസർ മുൻപാകെ പുനഃസമർപ്പിക്കുന്നതിനു മാനേജർക്ക് നിർദ്ദേശം നൽകിക്കൊണ്ടും മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ഈ നിയമനം പുനഃപരിശോധിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകികൊണ്ടും പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിരുന്നു.

തുടർന്ന് അയർക്കുന്നം സ്കൂളിൽ ശ്രീമതി ആനി ഗോപാൽ എന്ന സംരക്ഷിതാദ്ധ്യാപികയെ നിയമിച്ചതായി മാനേജർ കത്ത് സമർപ്പിക്കുകയും കൂടാതെ 15-07-2021 മുതൽ ടി ഒഴിവ് ഒഴിച്ചിട്ടുള്ളതായിട്ടുള്ള ഹെഡ്മാസ്റ്ററുടെ റിപ്പോർട്ട് പാലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മേലൊപ്പ് രേഖപ്പെടുത്തി സമർപ്പിച്ചിരുന്നതിന്റെയും അടിസ്ഥാനത്തിൽ ശ്രീ. ജസ്റ്റിൻ വർഗീസിന്റെ കുളത്തൂർ സെന്റ് ജോസഫ് ഹൈസ്കൂളിലെ എഫ്.ടി.എം നിയമനം 15-07-2021 മുതൽ ശമ്പള സ്കെയിലിൽ താൽക്കാലികമായി ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട നിബന്ധനകൾക്ക് വിധേയമായി തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകി.

എന്നാൽ നിയമന തീയതിയായ 01/06/2019 മുതൽ തന്നെ നിയമനം അംഗീകരിച്ചു ലഭിക്കുന്നതിന് ടിയാൻ വീണ്ടും വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ അപ്പീൽ സമർപ്പിച്ചു. ശ്രീ. ജോയ്സ് -ന്റെ നിയമനം പാലാ ജില്ലാവിദ്യാഭ്യാസ ഓഫീസർ ടിയാളുടെ റിസൽടന്റ് ഒഴിവിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കണമെന്ന നിബന്ധനയോടെയാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ റിസൽറ്റന്റ് ഒഴിവിൽ സംരക്ഷിത നിയമനം നടത്തുകയോ ഒഴിവു മാറ്റി വയ്ക്കുകയോ ചെയ്തിട്ടില്ല. മാനേജ്മെന്റിന് കീഴിൽ ഉള്ള ഇതര സ്കൂളിൽ ആണ് ഒഴിവു 15/07/2021 മുതൽക്ക് മാത്രമാണ് മാറ്റിവച്ചിട്ടുള്ളത്.

GO(P)No.2/23 തീയതി 23/01/2023 പ്രകാരം പുതിയ സ്കൂളിലെ മറ്റു നിയമനങ്ങൾ അംഗീകരിക്കുന്നതിന് മുൻപ് ഇതര സ്കൂളിൽ മാനേജർ നടത്തിയിട്ടുള്ള സംരക്ഷിത അധ്യാപക

നിയമനത്തിന്റെ വിവരം വിദ്യാഭ്യാസ ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്. അയർക്കുന്നം, കളത്തൂർ സ്കൂളുകളിൽ യഥാക്രമം 25-08-2022, 20-06-2022 തീയതികളിലാണ് സംരക്ഷിതാധ്യാപകരെ നിയമിച്ചിട്ടുള്ളത്. ആയതിനാൽ 01/06/2019 മുതൽ നിയമനം അംഗീകരിക്കണമെന്ന സ്കൂൾ മാനേജരുടെ ആവശ്യം അംഗീകരിക്കാൻ കഴിയില്ല എന്ന് കാണിച്ചുകൊണ്ട് വിദ്യാഭ്യാസ ഉപ ഡയറക്ടർ അപ്പീൽ നിരസിച്ചിരുന്നു.

തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ നൽകിയെങ്കിലും റിവിഷൻ അപ്പിലിന്മേൽ ഒരിക്കൽ ഉത്തരവ് നൽകിയിട്ടുള്ളതിനാൽ പുനഃപരിശോധിക്കേണ്ട ആവശ്യമില്ലെന്നു കാണിച്ചു കൊണ്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചിരുന്നു.

നിയമന തീയതിയായ 01/06/2019 മുതൽ തന്നെ നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ള അപ്പീലിലെ ആവശ്യം. എന്നാൽ റിവിഷൻ ഹർജി പരിശോധിച്ചതിൽ നിന്നും ജെ57/2019/പൊവിവ, ജി.ഒ(പി) 4/2021 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചതിന് ശേഷമാണ് മാനേജർ സംരക്ഷിത നിയമനത്തിനായി തസ്തിക വിട്ടുനല്കിയത്. ആയതിനാൽ ടി നിയമനം ജി.ഒ.(എംഎസ്) 101/2023 ഉത്തരവിന്റെ പരിധിയിൽ വരാത്തതിനാൽ നിയമന തീയതിയായ 01/06/2019 മുതൽ തന്നെ നിയമനം അംഗീകരിച്ചു നൽകണമെന്ന ആവശ്യം പരിഗണനാർഹമല്ല. എന്നിരുന്നാലും ജി.ഒ(പി) 4/2021/പൊവിവ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ നിയമനതീയതി മുതൽ നോഷണലായും 06/02/2021 മുതൽ സാമ്പത്തിക ആനുകൂല്യത്തോടെയും ടി നിയമനം പരിഗണിക്കാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(3)(എ) പ്രകാരം പുതിയതായി ഉയർത്തപ്പെട്ട സ്കൂളുകളിൽ ഒരു സംരക്ഷിത ജീവനക്കാരനെയെങ്കിലും നിയമിക്കേണ്ടതാണ്. 08/03/2019 തീയതിയിലെ സർക്കുലർ നം.ജെ2/57/2019/പൊ.വി.വ. ന്റെ ഖണ്ഡിക II(2) പ്രകാരം 22/05/1979 ന് ശേഷം ആരംഭിച്ചതോ അപ് ഗ്രേഡ് ചെയ്തതോ ആയ സ്കൂളിൽ ഉണ്ടായ ഒഴിവ് ചട്ടം 43 അവകാശിയുടെ പ്രമോഷൻ വഴി നികത്തുമ്പോൾ, ചട്ടം 7(3)(a) പ്രകാരം ഒരു സംരക്ഷിത അധ്യാപകനെ ടി സ്കൂളിൽ നിയമിക്കാൻ കഴിയുന്നില്ലെങ്കിൽ, അതേ മാനേജ്മെന്റിൽ ഉണ്ടാവുന്ന റിസൾട്ടന്റ് വേക്കൻസിയിൽ (22/05/1979 ന് മുമ്പോ ശേഷമോ ആരംഭിച്ച സ്കൂളായാലും) സംരക്ഷിത അധ്യാപകനെ നിയമിക്കണം. എന്നാൽ ഇവിടെ ചട്ടം 43 അവകാശിക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ ഉണ്ടായ റിസൾറ്റന്റ് ഒഴിവ് (01/06/2019 മുതൽ ആവിർഭവിച്ച ഒഴിവ്) അപ്പോൾ തന്നെ (നിയമാനുസൃതം) സംരക്ഷിത ജീവനക്കാരനെ നിയമിക്കുന്നതിനായി മാനേജർ മാറ്റി വയ്ക്കുകയോ, സംരക്ഷിത ജീവനക്കാരനെ നിയമിക്കുകയോ ചെയ്തിട്ടില്ല. ടി മാനേജ്മെന്റിന് കീഴിലുള്ള മറ്റൊരു സ്കൂളിൽ 15/07/2021 മുതലാണ് സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനായി ഒഴിവു മാറ്റി വച്ചിട്ടുള്ളത്. ടി നിയമനം G.O.(P)No.101/2023/GEDN ന്റെ പരിധിയിൽ വരുന്നതല്ല. എന്നിരുന്നാലും ശ്രീ. ജസ്റ്റിൻ വർഗ്ഗീസിന്റെ നിയമനം 2019-2020 അദ്ധ്യയന വർഷത്തിൽ ആയതിനാലും, ജി.ഒ.(പി)നം.4/2021/പൊ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിരിക്കുന്ന സാഹചര്യത്തിലും, അയർക്കുന്നം, കുളത്തൂർ സ്കൂളുകളിൽ യഥാക്രമം 25/08/2022, 20/06/2022 തീയതികളിൽ സംരക്ഷിതാധ്യാപകരെ നിയമിച്ചിട്ടുള്ള സാഹചര്യത്തിലും, G.O.(P)No.2/23/GEDN തീയതി 23/01/2023 പ്രകാരം നിയമന തീയതി മുതൽ നോഷണലായും 06/02/2021 മുതൽ

സാമ്പത്തിക ആനുകൂല്യത്തോടെയും ശ്രീ. ജസ്റ്റിൻ വർഗ്ഗീസിന്റെ എഫ്.ടി.എം. തസ്തികയിലെ നിയമനം അംഗീകരിക്കാൻ ബന്ധപ്പെട്ട തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്, ചങ്ങനാശ്ശേരി അതിരൂപത, പാസ്റ്ററൽ സെന്റർ, പി.ബി.നം.20, ചങ്ങനാശ്ശേരി-686 101
ശ്രീ. ജസ്റ്റിൻ വർഗീസ്, ഫുൾ ടൈം മീനിയൽ, സെന്റ് ജോസഫ്സ് ഹൈസ്കൂൾ, കുളത്തൂർ, തിരുവല്ല
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവല്ല
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 08-01-2026 15:57:34
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.